**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** | **10-08-2023 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക്ക് /പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക്ക് / പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളെ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പട്ടികജാതി കുട്ടികൾക്കായി പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആധുനിക വത്ക്കരക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത ഹോസ്റ്റലുകളുടെ ആധുനികവത്ക്കരണത്തിനായി ചെയ്തതെന്ന് വിശദമാക്കാമോ? | (ബി) | വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് / പോസ്റ്റ് - മെട്രിക് ഹോസ്റ്റലുകളുടെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേയ്ക്കായി അറ്റകുറ്റപ്പണികൾ, ഹോസ്റ്റൽ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. ഹോസ്റ്റലുകളിൽ ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഹോസ്റ്റലിലും ഗ്യാസ് കണക്ഷൻ, ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ തുടങ്ങിയവ അനുവദിച്ച് നൽകിയിട്ടുണ്ട്. ടെലിവിഷൻ വാങ്ങി നൽകിയിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. സോളാർ പാനലുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സി.സി.ടി.വി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സി.സി.ടി.വി ഇല്ലാത്ത ഹോസ്റ്റലുകളിൽ ആയവ സ്ഥാപിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ